# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം.463 26-04-2017-ലെ മറുപടിയ്ക്ക്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.അനിൽ അക്കര | ഡോ.ടി.എം. തോമസ് ഐസക് |
| ശ്രീ.അടൂർ പ്രകാശ് | ബഹു.ധനകാര്യവും കയറും വകുപ്പ് മന്ത്രി |
| ശ്രീ.കെ.എസ്. ശബരീനാഥൻ | |
| ശ്രീ.വി.പി. സജീന്ദ്രൻ | |

**സംസ്ഥാനത്ത് കറൻസി ക്ഷാമം**

| | | |
|---|---|---|
| (എ) | സംസ്ഥാനത്ത് കറൻസി ക്ഷാമം നേരിടുന്നുണ്ടോ; വിശദമാക്കുമോ ; | കറൻസി ക്ഷാമം നേരിടുന്നുണ്ട്. ട്രഷറികളിലൂടെ ശമ്പളവും പെൻഷനും വിതരണം ചെയ്യുവാനായി ഏജൻസി ബാങ്കുകളിൽ നിന്നും ഇംപ്രസ്റ്റ് തുക ആവശ്യപ്പെടുമ്പോൾ മിക്കവാറും ദിവസങ്ങളിൽ 40 ശതമാനത്തോളം തുക മാത്രമേ ലഭിക്കുകയുണ്ടായുള്ളൂ. |
| (ബി) | കറൻസി പ്രതിസന്ധി സംസ്ഥാനത്തുണ്ടാകാനിടയായ കാരണങ്ങൾ എന്തൊക്കെയാണെന്ന് വിവരിക്കുമോ ; | ട്രഷറികളിലൂടെയുള്ള പണമിടപാടുകൾ നടത്തുന്നതിനായി ഏജൻസി ബാങ്കുകളിൽ നിന്നും ഇംപ്രസ്റ്റ് തുക ആവശ്യപ്പെടുമ്പോൾ മിക്ക ദിവസങ്ങളിലും 40 ശതമാനത്തോളം തുക മാത്രമേ ലഭിക്കുകയുണ്ടായുള്ളൂ. ബാങ്കുകളിലും എ.റ്റി.എമ്മുകളിലും കടുത്ത കറൻസി ക്ഷാമം അനുഭവപ്പെടുന്ന കാര്യവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിന്റെ കാരണങ്ങൾ ഔപചാരികമായി സൂക്ഷ്മമായി പഠിച്ചിട്ടില്ല. കറൻസി സപ്ലൈ കുറഞ്ഞതും കറൻസിയുടെ ചംക്രമണം കുറഞ്ഞതും കറൻസി ക്ഷാമത്തിന് കാരണമായിട്ടുണ്ടെന്നാണ് മനസ്സിലാക്കുന്നത്. |
| സി | ഓരോ മാസവും ആവശ്യമായി വരുന്ന കറൻസി സംസ്ഥാനത്തെ ട്രഷറികളിലും ബാങ്കുകളിലും മുൻകരുതലായി ഉറപ്പാക്കുവാൻ വേണ്ട നടപടി കൈക്കൊണ്ടിരുന്നുവോ ; വിശദമാക്കുമോ ; | നടപടി കൈക്കൊണ്ടിരുന്നു. ഓരോ മാസവും ആവശ്യമായി വരുന്ന കറൻസിയുടെ വിവരങ്ങൾ റിസർവ്വ് ബാങ്കിനേയും ട്രഷറികളോട് ബന്ധപ്പെട്ടിട്ടുള്ള ഏജൻസി ബാങ്കുകളേയും കാലേക്കൂട്ടി അറിയിച്ചിട്ടുണ്ട്. അതാത് ദിവസത്തെ ആവശ്യകതയ്ക്കനുസരിച്ച് ഇംപ്രസ്റ്റ് തുക ബാങ്കിൽനിന്നും എടുക്കുകയാണ് നിലവിലെ സംവിധാനം. |
| ഡി | സംസ്ഥാനം നേരിടുന്ന കറൻസി ക്ഷാമം പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന്വ്യക്തമാക്കുമോ ; | ട്രഷറികളിൽ കറൻസി ക്ഷാമം പരിഹരിക്കുന്നതിനായി സർക്കാർ നിർദ്ദേശാനുസരണം ബിവറേജസ് കോർപ്പറേഷൻ, ലോട്ടറി, കെ.എസ്.എഫ്.ഇ. എന്നിവയുടെ വരുമാനം ട്രഷറികളിൽ നേരിട്ട് അടയ്ക്കുന്നതിനും ബാങ്കിംഗ് ട്രഷറികളിൽ ചെലാനുകൾ നേരിട്ട് ട്രഷറി കൗണ്ടറുകൾ മുഖേന സ്വീകരിക്കുന്നതിനുമുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ